പഞ്ചായത്തു പ്രവർത്തനം.

*203. [13] ശ്രീ. ആർ. പ്രകാശം: താഴെ കാണുന്ന ചോദ്യങ്ങൾ തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പഞ്ചായത്തുകളുടെ ഇന്നുവരെയുള്ള പ്രവർത്തനപുരോഗതിയെക്കുറിച്ചു ഗവണ്മെൻറിൽനിന്നും ഒരു പ്രത്യേക പഠനം നടത്തിയിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ അതു നടത്തുവാൻ ശ്രദ്ധിക്കുമോ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ):

(എ) പഞ്ചായത്തുകളുടെ ഇന്നുവരെയുള്ള പ്രവർത്തനപുരോഗതിയെക്കുറിച്ചു ഒരു പ്രത്യേക പഠനം നടത്തിയിട്ടില്ല.

(ബി) ഇതിനെപ്പറ്റി ആലോചിക്കാം.

ശ്രീ. ആർ. പ്രകാശം: അങ്ങനെയൊരു പ്രത്യേക പഠനം നടത്താതെ ബഹുമാനപ്പെട്ട മന്ത്രി പഞ്ചായത്തുകാര്യങ്ങൾ കൂടുതൽ ഫലപ്രദമായ രീതിയിൽ കൈകാര്യം ചെയ്യുന്നതെങ്ങനെയാണ്?

ശ്രീ. കെ. കൊച്ചുകുട്ടൻ: ഒരു പ്രത്യേക പഠനം നടത്തിയിട്ടില്ലെങ്കിലും ഭരണപരമായ സാമാന്യവിവരങ്ങളെല്ലാം വേണ്ടപോലെ മനസ്സിലാക്കിയിട്ടുണ്ട്. പഞ്ചായത്തു ഭരണത്തിന്റെ സ്ഥിതിഗതികൾ വേണ്ടപോലെ അറിയുന്നുമുണ്ട്.

ശ്രീ. ആർ. പ്രകാശം: ഏതു തരത്തിലുള്ള പഠനം നടത്താനാണു വിചാരിക്കുന്നതു?

ശ്രീ. കെ. കൊച്ചുകുട്ടൻ: അതിനെപ്പറ്റി ആലോചിക്കാം.

ശ്രീ. ആർ. പ്രകാശം: അങ്ങനെയൊരു പ്രത്യേക പഠനം നടത്തുന്നതുകൊണ്ട് എന്തെങ്കിലും പ്രയോജനമുണ്ടാകുമെന്നു വിചാരിക്കുന്നുണ്ടോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: ഇപ്പോഴൊന്നും പറയാനില്ല.

ഡെവലപ്പ്മെൻറ വക്കുകൾ.

*204. [14] ശ്രീ. ആർ. പ്രകാശം: താഴെ കാണുന്ന ചോദ്യങ്ങൾ തദ്ദേശസ്വയംഭരണ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോക്കൽ ഡവലപ്പുമെൻറ വക്കുകൾക്കായി കേന്ദ്രത്തിൽനിന്നു 1954-55-ലും, 1955-56-ലും എന്തുമാത്രം സഹായം ലഭിച്ചിട്ടുണ്ട്;

(ബി) ലോക്കൽ ഡവലപ്പുമെൻറ വക്കുകൾ മുനിസിപ്പൽ അതീത്തിക്കകത്തു നടത്തിയിട്ടുണ്ടോ;

(സി) അതിലേയ്ക്കു എതെങ്കിലും അപേക്ഷകൾ ലഭിച്ചിട്ടുണ്ടോ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ):

(എ) ലോക്കൽ ഡവലപ്പ്മെൻറ വക്കുകൾക്കായി, 1954.55.ൽ കേന്ദ്രത്തിൽ നിന്നും 79030 ഉറുപ്പിക സഹായം ലഭിക്കുന്നതാണ്. 1955-56-ൽ ചെയ്യുതീക്കുന്ന പണിയുടെ ആകെയുള്ള ചെലവിൽ പകുതി കേന്ദ്രത്തിൽനിന്നും സഹായധനം ലഭിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇല്ല.

(സി) ഉണ്ട്. ആറ്റിങ്ങൽ മുനിസിപ്പാലിറ്റിയിൽ നിന്നും പെരുമ്പാവൂർ മുനിസിപ്പാലിറ്റിയിൽ നിന്നും അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

ശ്രീ. ആർ. പ്രകാശം: ഇതിനായിൽ കേന്ദ്രത്തിൽ നിന്നും 1954-55-ൽ അനുവദിച്ച തുകയിൽ എത്രമാത്രം ലാപ്സായിപ്പോയിട്ടുണ്ട്?

ശ്രീ. കെ. കൊച്ചുകുട്ടൻ: 1954-55-ൽ അനുവദിച്ചിട്ടുള്ളതു പതിനഞ്ചുലക്ഷത്തിനാല്പതിനായിരം രൂപയാണ്.

ശ്രീ. ആർ. പ്രകാശം: അതിൽ എത്രമാത്രം ലാപ്സായി, ഡവലപ്പ്മെന്റ വർക്കുകൾക്കായി എത്ര തുക ചെലവാക്കിയിട്ടുണ്ട്?

ശ്രീ. കെ. കൊച്ചുകുട്ടൻ: 79030 രൂപ ചെലവാക്കിയിട്ടുണ്ട്.

ശ്രീ. കെ. പി. ഹാർമിസ്: ഡവലപ്പ്മെന്റ വർക്കുകൾ നടത്തിയതിൽ പെരുമ്പാവൂർ മുനിസിപ്പാലിറ്റി അതിന്നിയിൽ ഒരു ജോലിയും നടത്താത്തതിന്റെ കാരണമെന്താണ്?

ശ്രീ. കെ. കൊച്ചുകുട്ടൻ: ഡവലപ്പ്മെന്റ് വർക്കുകൾ മുനിസിപ്പാലിറ്റികളിൽക്കൂടി നടത്തണമെന്നുള്ളകാര്യം നേരത്തെ സംശയനിലയിൽ പെട്ടതായിരുന്നതാണ്. അതുസംബന്ധിച്ച്, അങ്ങനെ ഉൾപ്പെടുത്താമെന്നു ഗവണ്മെന്റ ഇപ്പോൾ തീരുമാനിച്ചിട്ടുണ്ട്.

ശ്രീ. കെ. പി. ഹാർമിസ്: ഉൾപ്പെടുത്താമെന്നു തീരുമാനമുണ്ടായിട്ടു എത്രകാലമായി?

ശ്രീ. കെ. കൊച്ചുകുട്ടൻ: ഇതു സംബന്ധിച്ചു ഇൻഡ്യാഗവണ്മെൻറിൽ നിന്നും കുറെക്കൂടി വിശദമായ ചില വിവരങ്ങൾ ലഭിക്കേണ്ടതുണ്ട്.

ശ്രീ. എം. വി. ചെറിയാൻ: 1954-55 വർഷത്തിൽ ഡവലപ്പ്മെന്റ വർക്കുകൾ ആരുടെ കീഴിൽ പ്രവർത്തിച്ചിരുന്നു?

ശ്രീ. കെ. കൊച്ചുകുട്ടൻ: കളക്ടറുടെ കീഴിൽ പ്രവർത്തനം നടത്തിയിരുന്നു.

ശ്രീ. ആർ. പ്രകാശം: മൻകൊല്ലങ്ങളിലുണ്ടായിട്ടുള്ളതുപോലെ തുക ലാപ്സാകാതിരിക്കാൻ, മുഴുവൻ തുകയും ചെലവാക്കാൻ, മൻകൂട്ടി ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: അതിൽ ടെക്നിക്കലായി ഒരു വിഷമം നേരിടുന്നുണ്ട്. ഡവലപ്പ്മെന്റ പ്രവർത്തനങ്ങൾ നടത്താൻ പഞ്ചായത്തുകൾ ആകെ ചെലവിൽ ആറിലൊന്നും, പൊതുജനങ്ങളിൽ നിന്നും ആറിലൊന്നും ചെലവു വഹിക്കണമെന്നുണ്ട്. ചില പഞ്ചായത്തുകൾ ഈ നിയമം അനുസരിച്ചു ചുമതലവഹിക്കാൻ തയാറാകാത്തതുകൊണ്ടും ഈ കാര്യത്തിൽ താമസം നേരിട്ടിട്ടുണ്ട്.

ശ്രീ. ആർ. പ്രകാശം: ആറ്റിങ്ങൽ മുനിസിപ്പാലിറ്റിയിൽ നിന്നും പണം ചെലവുചെയ്യാമെന്നു അറിയിച്ചിട്ടില്ലേ?

ശ്രീ. കെ. കൊച്ചുകുട്ടൻ: ഇതു സംബന്ധിച്ചു ഈ ഗവണ്മെൻറ മാത്രം ഒരു തീരുമാനം എടുത്താൽപോരാ. ഇൻഡ്യാഗവണ്മെൻറിൽ നിന്നും യിട്ടുള്ള കിട്ടിയാൽ മാത്രമേ സാധിക്കൂ.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എൻ. ജി. ചാക്കൊ: പൊതുജനങ്ങളുടെ സഹകരണം വേണമെന്നുള്ള വ്യവസ്ഥ ഈ കാര്യത്തിൽ മാറ്റുമോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: അതു ഇൻഡ്യാ ഗവണ്മെൻറാണ് തീരുമാനിക്കേണ്ടതു്. ഇൻഡ്യാഗവണ്മെൻറിൻെറ പ്രധാനമായ നിർദ്ദേശം പൊതുജനങ്ങളുടെ സഹകരണം ഈ കാര്യത്തിൽ അത്യാവശ്യമാണെന്നാണ്.

ആശുപത്രികളുടെ വികസനം.

* 205. [15] ശ്രീ. യു. നീലകണ്ഠൻ: താഴെ പറയുന്ന ചോദ്യത്തിനു് മെഡിക്കൽവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

ഒന്നാം പഞ്ചവത്സരപദ്ധതിയിൽ എത്ര ആശുപത്രികളുടെ വികസനം ഉൾപ്പെടുത്തിയിരുന്നു; ആശുപത്രികൾ ഏതെല്ലാം?

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. എ. എ. റഹിം): 8 ആശുപത്രികൾ.

1. സിവിൽ ആശുപത്രി, തൃശ്ശൂർ.
2. ഡിസ്പെൻസറി ആശുപത്രി, എറണാകുളം.
3. ഡിസ്പെൻസറി ആശുപത്രി, കൊല്ലം.
4. ഡിസ്പെൻസറി ആശുപത്രി, കോട്ടയം.
5. ഗവണ്മെൻറാശുപത്രി, മൂവാറ്റുപുഴ.
6. ഗവണ്മെൻറാശുപത്രി, ചങ്ങനാശേരി.
7. ഗവണ്മെൻറാശുപത്രി, ആലപ്പുഴ.
8. ഗവണ്മെൻറാശുപത്രി, മാവേലിക്കര.

ശ്രീ. യു. നീലകണ്ഠൻ: ഈ വികസനപദ്ധതികളിൽ ഗവണ്മെൻറ് എന്തെല്ലാമാണുദ്ദേശിക്കുന്നതു്?

ശ്രീ. എ. എ. റഹിം: കൂടുതൽ സഹകര്യങ്ങളും ആശുപത്രികളിൽ ഉണ്ടാക്കണമെന്നാണ് വികസനംകൊണ്ടുദ്ദേശിക്കുന്നതു്.

ശ്രീ. യു. നീലകണ്ഠൻ: ചിറയിൻകീഴ് ആശുപത്രിയിൽ ആവശ്യമുള്ള എല്ലാ സജ്ജീകരണങ്ങളും ഉണ്ടാക്കണമെന്നാവശ്യപ്പെട്ട് ഒരു നിവേദനം ലഭിച്ചിട്ടുണ്ടോ?

ശ്രീ. എ. എ. റഹിം: അങ്ങനെയൊരു നിവേദനം ഉണ്ടായിരുന്നു.

അയിത്തോച്ചാടനം.

* 206. [16] ശ്രീ. പി. കുഞ്ഞൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അയിത്താചാരം നിർമ്മാർജ്ജനംചെയ്യുന്നതിനു് ആസൂത്രണം ചെയ്തിട്ടുള്ള പ്രചരണപദ്ധതിയനുസരിച്ചു് എന്തെങ്കിലും തുക കേന്ദ്രഗവണ്മെൻറിൽനിന്നു് തിരുവിതാംകൂർ-കൊച്ചി ഗവണ്മെൻറിനു് ലഭിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly